# കുടയില്ലാത്തവർ.........







## വേനൽകിനാക്കൾ കരിഞ്ഞേപോയ്, എന്തൊക്കെയായിരിക്കും കവിയുടെ വേനൽ കിനാക്കൾ?

- വേനൽക്കാലം കുട്ടികൾക്ക് സന്തോഷത്തിന്റെ കാലമാണ്.ആഹ്ലാദിക്കാനും,ആഘോഷിക്കാനുമുള്ള സമയമാണത്.കൂട്ടുകാർക്കൊപ്പം കളിച്ചും,ചിരിച്ചും കൂട്ടുകൂടിയും കുസൃതികൾ കാണിച്ചും മതിവരാത്തകാലം.പൂതവും,പെരുന്നാളും,തെയ്യവും,പൂക്കണിവെച്ചവിഷുവും,വിഷുപക്ഷിയുടെ പാട്ടുമെല്ലാം മഴക്കാലംവരുന്നതോടെ ഓർമയാവുകയാണ്.കളിച്ചുമതിവരാത്ത അവസ്ഥയും ബാക്കിയാവുന്ന ആഗ്രഹങ്ങളുമാണ് കവിയുടെ വേനൽകിനാക്കൾ

## കുഞ്ഞുപെങ്ങളുടെ സ്നേഹവായ്പ്പിൽ കുതിർന്നു എന്ന് കവി പറഞ്ഞതെന്തുകൊണ്ടാവും ?

- കുടയില്ലാത്തതിനാൽ വാഴയില ചൂടി മഴനനഞ്ഞാണ് കവി പള്ളിക്കൂടത്തിലേക്ക് പോയത്.മഴ നനഞ്ഞ് പോയ കവിയെ തന്റെ കുടക്കീഴിൽ നനയാതെ ചേർത്തുനിർത്തിയ കൊച്ചുപെങ്ങൾ കവിക്ക് സ്നേഹത്തിന്റെ ഒരു പെരുമഴപെയ്ത്തായിട്ടാണ് അനുഭവപ്പെട്ടത്.അപ്രതീക്ഷിതമായി കിട്ടിയ ആ സ്നേഹം കവിയെ വളരെയേറെ സ്പർശിച്ചു.അതു കൊണ്ടാണ് കവി ഇങ്ങനെ പറഞ്ഞത്.

# പ്രയോഗഭംഗി കണ്ടെത്താം

**കവിതയിലെ സവിശേഷ പ്രയോഗങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. അവയുടെ ഭംഗി വിശദമാക്കുക.**

മഴത്തുള്ളികളും തുള്ളിവന്നല്ലോ.

പൊടിമീൻനിരപോലാം കൂട്ടുകാർ

അനിയനല്ലാത്തൊരനിയൻ


# പ്രയോഗ ഭംഗി കണ്ടെത്താം

- മഴത്തുള്ളികളും തുള്ളി വന്നല്ലോ?

പള്ളിക്കൂടം തുറക്കുമ്പോൾ കുട്ടികൾ സന്തോഷത്തോടെ തുള്ളിച്ചാടി വരുന്നതുപോലെ മഴത്തുള്ളികളും ആഹ്ലാദത്തോടെ തുള്ളി വരുന്നു.

# പൊടിമീനിൻ നിരപോലാം കൂട്ടുകാർ?

പുതുമഴയിൽ വെള്ളച്ചാലിലൂടെ പൊടിമീനുകൾ ഒഴുകിപോകുന്നതു പോലെയാണ് മഴയത്ത് കുടയും ചൂടി കൂട്ടമായി കുട്ടികൾ പോകുന്ന കാഴ്ച കവിയ്ക്ക് അനുഭവപ്പെട്ടത്.



# അനിയനല്ലാത്തോരനിയൻ?

- ആരുമല്ലാത്ത,ആരാണെന്നുപോലു അറിയാത്ത തന്നെ സ്വന്തം അനുജനെപോലെ കണ്ട് സ്നേഹിച്ച പെങ്ങളുടെ നല്ല മനസ്സാണ് ഈ വരികളിൽ കാണുന്നത്.



# മറക്കാത്തമഴക്കാലം

മഴയുമായ് ബന്ധപെട്ട അനുഭവങ്ങൾ പങ്കുവെക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുക**?....**

# ആസ്വാദനകുറിപ്പ്

## ആസ്വാദനകുറിപ്പിൽ എന്തെല്ലാം?

- ആമുഖം

  (എഴുത്തുകാരന്റെ പേര്,കവിതയുടെ പേര് )
- കവിതയുടെ ആശയം
- പ്രയോഗങ്ങൾ,ആവർത്തന ഭംഗി,ശബ്ദ ഭംഗി
- ഇഷ്ടപ്പെട്ട വരികൾ
- ഉപസംഹാരം

# സ്നേഹക്കുട – ആസ്വാദനക്കുറിപ്പ്

ഒ.എൻ.വി കുറുപ്പ് എഴുതിയ കവിതയാണ് 'കുടയില്ലാത്തവർ'. പോയ്മറഞ്ഞ കുട്ടിക്കാലത്തിന്റെ കുസൃതികൾ വർഷങ്ങൾക്ക് ശേഷവും കവിക്ക് ഓർത്തെടുക്കാനാവുന്നു. പൂരവും, പെരുന്നാളും, പൂക്കണിയും, വിഷുവും, സ്ക്കൂൾ തുറന്ന നാളിലെ പെരുമഴയും ഇന്നും മനസ്സിലുണ്ട്. ഇന്ന് കുട്ടികൾ പലനിറത്തിലുള്ള കുടകളുമായി ഒഴുകിയെത്തുമ്പോൾ കവി തന്റെ കുട്ടിക്കാലം ഓർത്തുപോകുന്നു.



ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പാണ് കവി സ്കൂളിൽ പഠിപ്പിച്ചിരുന്നത്. അക്കാലത്ത് മിക്ക കുട്ടികൾക്കും സ്വന്തമായി കുടയില്ല. വാഴയില കുടയാക്കി, 'നനയാതെയാകെ നനഞ്ഞു' വരുന്ന 'അനിയനല്ലാത്ത അനിയനോട് ' 'നനയാതെ' എന്ന് പറഞ്ഞ് തന്റെ കുടയിൽ കൂടെ നിർത്തുകയാണ് കൊച്ചുപെങ്ങൾ. ഇവിടെ 'നനയാതെ നനഞ്ഞു' വരുന്ന കുട്ടി കവി തന്നെയാണ്. താൻ യഥാർത്ഥത്തിൽ കുതിർന്നത് മഴയിലല്ലെന്നും ആ പെങ്ങളുടെ ദയാവായ്പിലാണെന്നും കവി പറയുന്നുണ്ട്. അപ്പോൾ ഓരോ വായനക്കാരനും ആ പെങ്ങളുടെ സ്നേഹത്തിന്റെ പെരുമഴയിലാണ് നനഞ്ഞു കുതിരുന്നത്.

'മഴത്തുള്ളികൾ തുള്ളിവരിക', 'പല നിറമോലും നീരാമ്പൽ' പോലുള്ള കുടകൾ, 'മഴവെള്ളച്ചാലുകൾ നീന്തിയെത്തുന്ന പൊടിമീൻകൂട്ടം', 'വാഴയില ചൂടി വരുന്ന കുട്ടി' തുടങ്ങിയ നേർക്കാഴ്ചകൾ കവിതയെ മനോഹരമാക്കുന്നു. പുതുമണ്ണിന്റേയും പുത്തനുടുപ്പിന്റേയും പുതുപുസ്തകത്തിന്റേയും ഗന്ധം കവിതയിൽ നമുക്ക് അനുഭവപ്പെടുന്നുണ്ട്. നനയാതെ നനയുക, അനിയനല്ലാത്ത അനിയൻ തുടങ്ങിയ പ്രയോഗവും വായനക്കാർക്ക് പുതിയ അനുഭവമാകുന്നു. ഒരിക്കൽ വായിച്ച ഈ കവിത ഒരിക്കലും മറക്കാതെ നമ്മുടെ മനസ്സിൽ നിറഞ്ഞുനില്ക്കും.

# താരതമ്യപട്ടിക

- കുടയില്ലാത്തവർ
- മുതിർന്ന കുട്ടിയാണ്
- അനിയനോടുള്ള സ്നേഹത്തിന്റെ പ്രകടനം
- അനിയനല്ലാത്തൊരനിയനേയും സ്വന്തം കൂടപ്പിറപ്പായി കണ്ട് സഹായിക്കാനുള്ള നല്ല മനസ്സ് കാണിക്കുന്ന സഹോദരി
-

- കുഞ്ഞേടത്തി
- ചെറിയ കുട്ടിയാണ്
- അനിയനോടുള്ള സ്നേഹത്തിന്റെ പ്രകടനം
- സ്വന്തം അനിയനെ മാതൃവാത്സല്യത്തോടെ ഓമനിക്കുകയും,കഥകൾ പറഞ്ഞ് കൊടുക്കുകയും ചെയ്യുന്ന സഹോദരി

# താരതമ്യകുറിപ്പ്

## കുഞ്ഞനിയൻ



രണ്ടു കവിതയിലും അനിയനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ് നമുക്ക് കാണാൻ കഴിയുന്നത്. കുഞ്ഞേടത്തിയിലെ അനിയൻ വളരെ ചെറുതാണ്. അവന് ഒരമ്മയുടെ സ്ഥാനത്ത് നിന്നുള്ള ലാളനയും കരുതലുമാണ് കുഞ്ഞേടത്തി നൽകുന്നത്. എന്നാൽ 'കുടയില്ലാത്തവർ' എന്ന കവിതയിൽ സഹോദരൻ 'അനിയനല്ലാത്ത അനിയനും' സഹപാഠിയുമാണ്. ഇവിടെ വാഴയിലയും ചുടി നനഞ്ഞു വരുന്ന അനിയന്റെ പ്രയാസം മനസ്സിലാക്കി യാതൊരു 'കുറവും' തോന്നാതെ തന്റെ കുടയിൽ കുട്ടുകയാണ് ആ പെൺകുട്ടി. അവനെ കുടയിൽ കുട്ടിയാൽ മറ്റുള്ളവർ കളിയാക്കുമോ എന്ന ഭയം ആ ചേച്ചിക്കില്ലായിരുന്നു. അനിയനെ സഹായിക്കേണ്ട സന്ദർഭത്തിൽ മടികൂടാതെ സഹായിക്കുന്നു. കുഞ്ഞേടത്തിയിൽ അനിയൻ സ്വന്തം അനിയനാണ് മാതൃസമാനമായ വാത്സല്യവും സ്നേഹവുമാണ് പ്രകടിപ്പിക്കുന്നത്. അവനെ ലാളിക്കുകയും ആനയുടേയും മയിലിന്റേയും ഒട്ടകത്തിന്റെയും കഥ മടിയിലിരുത്തി മാറോട് ചേർത്ത് പറയുകയും ചെയ്യുന്ന സഹോദരിയെയാണ് ഒ. എൻ.വി അവതരിപ്പിച്ചത്. രണ്ടു കവിതയിലും സ്നേഹത്തിന്റെ വ്യത്യസ്തമുഖങ്ങൾ കാണാം.

